# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4046 — 24/08/2017-ൽ മറുപടിക്ക്

## ' കർഷക തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ '

**ചോദ്യം** — **മറുപടി**

ശ്രീ.പി.ഉബൈദുള്ള

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് കർഷക തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ വർഷങ്ങളായി വിതരണം ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | എ) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം 2010 മുതലുള്ള വിവിധ ക്ഷേമാനുകൂല്യങ്ങൾ കുടിശ്ശികയാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഓരോ തൊഴിലാളിയിൽ നിന്നും പ്രതിവർഷം 60/-രൂപ അംശാദായമിനത്തിൽ ഈടാക്കുമ്പോൾ പ്രതിവർഷം 625/- രൂപ നിരക്കിലാണ് പ്രസ്തുത തുക തൊഴിലാളികൾക്ക് ബോർഡ് റിട്ടയർമെന്റ് ആനുകൂല്യമായി തിരികെ നൽകുന്നത്. അംഗത്വ കാലയളവിൽ അർഹത വരുന്ന വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ അവാർഡ് എന്നിവയും തൊഴിലാളികൾക്ക് നൽകേണ്ടതുണ്ട്. ബോർഡിന്റെ പ്രതിവർഷ വരുമാനം 9 കോടി രൂപയാണെന്നിരിക്കെ, ഒരു വർഷം ലഭിക്കുന്ന അപേക്ഷകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 35 കോടി രൂപ ആവശ്യമാണ്. വരുമാനത്തിലെയും ചെലവിലെയും ഈ അന്തരമാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. |
| (ബി) | മരണാനന്തരാനുകൂല്യം, ചികിത്സാ ധനസഹായം, പെൻഷൻ, പ്രസവാനുകൂല്യം എന്നിവയ്ക്ക് നൽകി വരുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ; ഇവ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) മരണപ്പെടുന്ന അംഗത്തിന്റെ ആശ്രിതർക്ക് അടിയന്തിര ധനസഹായമായി 2,000/-രൂപയും അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625/-രൂപ എന്ന നിരക്കിൽ അതിവർഷാനുകൂല്യവും നൽകുന്നു. ചികിത്സാ ധനസഹായമിനത്തിൽ അഞ്ച് വർഷത്തിലൊരിക്കൽ 2,500/- രൂപ നൽകിവരുന്നു. പ്രസവ ധനസഹായമിനത്തിൽ ബോർഡിന്റെ വിഹിതമായ 1,000/- രൂപയും |

| | | |
|---|---|---|
| | | സർക്കാർ വിഹിതമായ 14,000/-രൂപയും ചേർത്ത് ആകെ 15,000/-രൂപ നൽകി വരുന്നു. ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാധിക്കില്ല. നിലവിൽ 1100/- രൂപയാണ് കർഷകത്തൊഴിലാളി പെൻഷൻ ആയി നൽകി വരുന്നത്. |
| (സി) | ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ ? | സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ, അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി വകയിരുത്തിയിരുന്ന 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) പിൻവലിച്ച് പ്രസ്തുത ബോർഡിന് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി 31/07/2017-ലെ സ.ഉ (സാധാ)നം. 996/17/ തൊഴിൽ, പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ